LIBRARY ARCHIVES Kerala Legislative Assembly

രൂപയാണ് ചിലവഴിച്ചത്. MORTH (Ministry of Road Transport and Highways), IRC (Indian Road Congress) specification പ്രകാരം അന്താരാഷ്ട്ര നിലവാരത്തിലാണ് ഈ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. GSB (Granular Sub Base), WMM (Wet Mix Mecadam), DBM (Dense Bitumen Mecadam), BC (Bitumen Concrete) എന്നിവ ചെയ്ത് എല്ലാ റോഡുസുരക്ഷാ ക്രമീകരണങ്ങളും ആവശ്യമായ സൈനേജുകളും പൂർത്തിയാക്കിയാണ് റോഡ് നിർമ്മാണം നടത്തിയത്.

(ബി-ഡി) പാലക്കാട് - ഷൊർണ്ണൂർ റോഡിൽ ഒറ്റപ്പാലം ഠൗണിനോട് ചേർന്നു കിടക്കുന്ന ഒറ്റപ്പാലം പാലത്തിനും കണ്ണിയാംപുറം തോട്ടുപാലത്തിനും വീതി കുറവായതിനാൽ ചെറിയ തോതിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പാലം പുനർനിർമ്മിക്കുന്ന കാര്യം (കെ.എസ്.റ്റി.പി. മുഖേന) പരിഗണനയിലാണ്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലോകബാങ്കിന്റെ അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുകയാണ്. ടി അനുമതി ലഭ്യമായാൽ മാത്രമേ പണി ഇടങ്ങുവാൻ സാധിക്കുകയുള്ളൂ.

നരിക്കുനി ബൈപ്പാസ് നിർമ്മാണം

288 (1322) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നരിക്കുനി ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണ് ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ് ;

(സി) നരിക്കുനി സർക്കുലർ റോഡ് നിർമ്മിക്കുന്നതിന് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ നരിക്കുനി ബൈപ്പാസ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ (സാധാ) 1045/2009/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം 950 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല.

(സി) നടത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.